# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .5812 — 09.07.2012 ന് മറുപടിയ്ക്ക്

### സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള സമയക്രമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത് വില്ലേജ്, താലൂക്ക്, കളക്ടറേറ്റ് എന്നിവിടങ്ങളിലെ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് അവശ്യം ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ അനുവദിക്കേണ്ടതിന്റെ കാലയളവ് നിജപ്പെടുത്തിക്കൊണ്ട് എന്തെങ്കിലും ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | സംസ്ഥാനത്ത് വില്ലേജ്, താലൂക്കാഫീസുകളിൽ നിന്ന് നൽകിവരുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാവിധ സർട്ടിഫിക്കറ്റുകൾക്കുവേണ്ടി ടി ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണ് എന്ന് 12.6.1996-ലെ സ.ഉ.(കൈ)300/96/ആർ.ഡി. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് ഭരണ സംവിധാനത്തിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ 3 ദിവസത്തിനുള്ളിൽ നടപടി സ്വീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് 23.05.2002-ലെ 24298/റ്റി2/02/ആർ.ഡി. നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉത്തരവിന്റെയും സർക്കുലറിന്റെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

Commissioner & Secretary.

133

**റവന്യൂ (ജി) വകുപ്പ്**

**ജി. ഒ. (എം. എസ്.) 300/96/ആർ. ഡി. തീയതി, തിരുവനന്തപുരം, 1996 ജൂൺ, 12.**

സംഗ്രഹം:- റവന്യൂ വകുപ്പ് — വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ, കളക്ടറേറ്റുകൾ പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനു നടപടിക്രമങ്ങൾ നിശ്ചയിച്ചു ഉത്തരവാകുന്നു.

**ഉത്തരവ്**

സംസ്ഥാനത്തെ വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ എന്നിവിടങ്ങളിൽ നിന്നും നല്കി വരുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയവ ലഭിക്കുന്ന കാര്യത്തിൽ വളരെ കാലതാമസം നേരിടുന്നുവെന്നും തന്മൂലം പൊതുജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പൊതുജനങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടി ക്രമങ്ങൾ നിശ്ചയിച്ചു ഉത്തരവാകുന്നു:—

1. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാവിധ സർട്ടിഫിക്കറ്റുകൾക്കുവേണ്ടി വില്ലേജാഫീസ്/താലൂക്കാഫീസ് എന്നിവിടങ്ങളിൽ, ലഭിക്കുന്ന അപേക്ഷകളിന്മേൽ ഒരാഴ്ചക്കുള്ളിൽ തീരുമാനം എടുക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതുമാണ്.

2. ഏതെങ്കിലും കാരണവശാൽ സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ആ വിവരം അപേക്ഷകനെ അറിയിക്കുകയും മേലധികാരിക്കു റിപ്പോർട്ടു ചെയ്യുകയും വേണം.

3. മേലധികാരി സ്വമേധയാ രേഖകൾ പരിശോധിച്ച് ആവശ്യമെന്നു കണ്ടാൽ അന്വേഷണം നടത്തി അഞ്ചു ദിവസത്തിനുള്ളിൽ യുക്തമായ തീരുമാനം എടുക്കുകയും അപേക്ഷകരെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

**4. വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ, റവന്യൂ ഡിവിഷണൽ ആഫീസുകൾ, കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ലഭിക്കുന്ന എല്ലാ പരാതികൾക്കും അപേക്ഷകൾക്കും രശീത് നല്കേണ്ടതാണ്. രശീതിൽ അപേക്ഷകന്റെ പേരും മേൽവിലാസവും ലഭിച്ച തീയതിയും രേഖപ്പെടുത്തിയിരിക്കണം.**

മുകളിൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ ശരിയായവിധം പാലിക്കുന്നുവെന്ന് ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
എം. എസ്. ജോസഫ്,
കമ്മീഷണർ ആന്റ് സെക്രട്ടറി.

Attn

കേരള സർക്കാർ

25

നം:- 24293/ജി2/02/റ. വ.

റവന്യൂ (ജി) വകുപ്പ്
തിരുവനന്തപുരം, 23.5.02

സർക്കുലർ

വിഷയം:- റവന്യൂ വകുപ്പ് - ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതു സംബന്ധിച്ച്

സൂചന:- (1) 12.6.1996 ലെ ജി.ഒ. (എം. എസ്) 300/96/ആർ. ഡി. നമ്പർ സർക്കാർ ഉത്തരവ്

(2) സർക്കുലർ നം. 5899/ജി2/01/ആർ. ഡി. തീയതി 3.11.01.

....

സൂചന സർക്കാർ ഉത്തരവ് പ്രകാരം ജാതി/വരുമാന/കൈവശാവകാശ/[illegible] അവകാശ തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകളിൻ മേൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം എടുക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭരണ സംവിധാനത്തിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജാതി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകളിൻ മേൽ മൂന്നു ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിച്ചു സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നു നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ റവന്യൂ ഉദ്യോഗസ്ഥരും കർശനമായി പാലിക്കുന്നുണ്ട് എന്ന് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

സാജൻ പീറ്റർ
സെക്രട്ടറി (റവന്യൂ)

കമ്മീഷണർ, ലാന്റ് റവന്യൂ.

ഉത്തരവിൻ പ്രകാരം
ഒപ്പ്
സെക്ഷൻ ഓഫീസർ.

(ശരിപകർപ്പ്)

പുറത്തെഴുത്ത് നം. 13626/2002/ഇ2/ഡി. ഡിസ്.

ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം
തീയതി: 4.6.2002

പകർപ്പ്:

കമ്മീഷണറുടെ സി. എ.
അഡീഷണൽ കമ്മീഷണറുടെ സി. എ.
എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
സ്റ്റോക്ക് ഫയലിൽ

കമ്മീഷണർക്കുവേണ്ടി